# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4108 — 24.06.2019-ന് മറുപടിയ്ക്ക്

## പിന്നാക്ക ജാതിക്കാരുടെ ഉന്നമനത്തിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.എൻ. ഷംസീർ :**<br>**ശ്രീ. പി.ടി.എ. റഹീം :**<br>**ശ്രീ. സജി ചെറിയാൻ :**<br>**ശ്രീ. വി. അബ്ദുറഹിമാൻ :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പിന്നാക്ക ജാതികളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് ; | (എ) പിന്നാക്ക സമുദായത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) പിന്നാക്ക ജാതികളിൽ പിന്നാക്കം നിൽക്കുന്ന സമുദായങ്ങളിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനത്തിനും വിദ്യാഭ്യാസത്തിനുമായി ധനസഹായം നൽകുന്നതിന് പദ്ധതിയുണ്ടോ ; | (ബി) പിന്നാക്ക ജാതിയിൽ പിന്നാക്കം നിൽക്കുന്നവരെ പ്രത്യേകം പട്ടികപ്പെടുത്തിയിട്ടില്ല. പിന്നാക്ക വിഭാഗത്തിന് പൊതുവായാണ് പദ്ധതികൾ നടപ്പാക്കുന്നത്. അതിൽ തൊഴിൽ പരിശീലനത്തിനും വിദ്യാഭ്യാസത്തിനുമായി ധനസഹായം നൽകുന്നുണ്ട്. വിശദാംശം അനുബന്ധം - II ആയി ചേർക്കുന്നു. |
| (സി) പിന്നാക്കജാതിക്കാരുടെ സാമ്പത്തിക ഉന്നതിക്കായി സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; കോർപ്പറേഷന്റെ പ്രവർത്തന മികവിന് അവാർഡ് ലഭിക്കുകയുണ്ടായോ ; അറിയിക്കുമോ ; | (സി) പിന്നാക്ക ജാതികളിൽപ്പെട്ടവരുടെ സാമ്പത്തിക ഉന്നമനത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ അനുബന്ധം - III ആയി ചേർക്കുന്നു. ഇതിനുപുറമേ ഗുണഭോക്താക്കൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിനും പ്രചരണത്തിനും വേണ്ടി പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുകയും ഇതര സർക്കാർ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന സംസ്ഥാന / ദേശീയ തല വിപണന മേളകളിൽ ഗുണഭോക്താക്കളെ പങ്കെടുപ്പിക്കുകയും ചെയ്തു വരുന്നു.<br>പ്രവർത്തന മികവിന്റെ അംഗീകാരമായി നിരവധി അവാർഡുകൾ ദേശീയ ഏജൻസികളിൽ നിന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1). 2001-2002 ലെ NBCFDC യുടെ ഏറ്റവും നല്ല സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി. |

(.....2)

2). 2002-2003 ലെ NBCFDC യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.

3). 2002-2003 ലെ NMDFC യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.

4). 2004-2005 ലെ NBCFDC യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.

5). 2005-2006 ലെ NBCFDC യുടെ ഏറ്റവും നല്ല സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.

6). 2006-2007 ലെ NBCFDC യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.

7). 2007-2008 ലെ NBCFDC യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.

8). 2008-2009 ലെ NBCFDC യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.

9). 2010-2011 ലെ NBCFDC യുടെ ഏറ്റവും നല്ല സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.

10). 2011-2012 ലെ NBCFDC യുടെ ഏറ്റവും നല്ല സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.

11). 2012-2013 ലെ NBCFDC യുടെ ഏറ്റവും നല്ല മൂന്നാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.

12). 2009-2014 കാലയളവിലെ NMDFC യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.

13). NMDFC യുടെ 25 വർഷത്തെ പ്രവർത്തന ചരിത്രത്തിലെ ഏറ്റവും മികച്ച സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസികൾക്കുള്ള രജത ജൂബിലി പുരസ്കാരം (2016-17).

14). കേരളത്തിലെ ഒ.ബി.സി/മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടി വൈവിധ്യമാർന്ന വായ്പാ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നതിന് "Most Responsible Social Brand in Kerala" എന്ന Future Kerala Brands അവാർഡ് ലഭിച്ചു.

(.....3)

| | |
|---|---|
| (ഡി) പ്രസ്തുത വിഭാഗക്കാരുടെ സ്വയം തൊഴിൽ പദ്ധതി പ്രകാരം എത്ര പേർക്ക് വായ്പ ലഭിക്കുകയുണ്ടായി എന്നും ഭവന രഹിതർക്ക് ഭവന നിർമ്മാണ വായ്പ നൽകി വരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ? | (ഡി) നാളിതുവരെയുള്ള കണക്കുകൾ പ്രകാരം 161737 പേർക്ക് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ പദ്ധതി പ്രകാരം വായ്പ അനുവദിച്ചിട്ടുണ്ട്.<br><br>ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവന രഹിതർക്ക് വേണ്ടി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 'എന്റെ വീട്' എന്ന ഭവന നിർമ്മാണ വായ്പ നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 10 ലക്ഷം രൂപ വരെ (7.5 – 8 ശതമാനം പലിശ നിരക്കിൽ) വായ്പ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

### കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്
2. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്
3. ഒ.ബി.സി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

### സംസ്ഥാനാവിഷ്കൃത പദ്ധതികൾ

1. ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം
2. ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം
3. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം
4. ഓവർസീസ് സ്കോളർഷിപ്പ്
5. എംപ്ലോയബിലിറ്റി എൻഹാൻസ്മെൻറ് പ്രോഗ്രാം

   എ) മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ്/ബാങ്കിംഗ്/ സിവിൽ സർവ്വീസ് പരീക്ഷാപരിശീലനത്തിനുള്ള ധനസഹായം
   ബി) UGC/NET/JRF,GATE/MAT പരീക്ഷാപരിശീലനത്തിനുള്ള ധനസഹായം
   സി) ഒ.ബി.സി. വിഭാഗത്തിൽ പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം തുടങ്ങുന്നതിന് ധനസഹായം

6. കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ
7. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം
8. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം
9. കുംഭാര കോളനി നവീകരണം
10. അഡ്വക്കേറ്റ് ഗ്രാൻറ്
11. വിശ്വകർമ്മജർക്കുള്ള പെൻഷൻ

(ഒപ്പ്)
സെക്ഷൻ ഓഫീസർ

അനുബന്ധം-2

## തൊഴിൽ പരിശീലന പദ്ധതികൾ

### 1. കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ

സ്വകാര്യ മേഖലയിൽ പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വാഹന രംഗം , ഹോട്ടൽ വ്യവസായ രംഗം, ലോജിസ്റ്റിക് രംഗം, പോളിമർ ഇൻഡസ്ട്രി എന്നീ മേഖലകളിൽ പരിശീലനവും, തൊഴിലും ഉറപ്പ് നൽകുന്ന പദ്ധതിയാണിത് . പരിശീലന കാലയളവിൽ ട്യൂഷൻ ഫീസ്/സ്റ്റൈപ്പൻറ് ഇനങ്ങളിലായി പ്രതിമാസം പരമാവധി 8000 രൂപ വരെ അനുവദിക്കുന്നു. വരുമാന പരിധി – 1 ലക്ഷം രൂപ.

### 2. അഡ്വക്കേറ്റ് ഗ്രാൻറ്

ജുഡീഷ്യറിയിൽ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നതിന് കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ അധികരിക്കാത്തവർക്ക് പരമാവധി 3 വർഷത്തേയ്ക്ക് ഗ്രാൻറ് നൽകുന്ന പദ്ധതിയാണിത് . അർഹരായ ഗുണഭോക്താവിന് 12000/- രൂപ അനുവദിക്കുന്നു.

## വിദ്യാഭ്യാസാനുകൂല്യത്തിനുള്ള ധനസഹായ പദ്ധതികൾ

### 1. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്

50% കേന്ദ്ര സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിൽ പഠിക്കുന്ന, കുടുംബവാർഷിക വരുമാനം 2,50,000/- രൂപയിൽ അധികരിക്കാത്ത വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

### 2. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

100% കേന്ദ്ര സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്. ഹയർ സെക്കന്ററി തലത്തിൽ പഠിക്കുന്ന ഒ .ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക്പട്ടിക ജാതി വികസന വകുപ്പിന്റെ സഹകരണത്തോടെ ഇ - ഗ്രാൻറ്സ് മുഖേനയും, മറ്റ് തെരഞ്ഞെടുക്കപ്പെട്ട കോഴ്സുകൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് നേരിട്ടും ആനുകൂല്യം അനുവദിക്കുന്നു.

### 3. ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം

മറ്റർഹ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ വിദ്യാഭ്യാനുകൂല്യം അനുവദിക്കുന്നു. ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാനപരിധിയില്ല. അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിക്കുന്നു.

### 4. ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം

മറ്റ പിന്നാക്ക സമുദായങ്ങളിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന 8 ജാതികളിൽ പ്പെട്ട വിദ്യാർത്ഥികളെ മറ്റർഹ വിദ്യാർത്ഥികളായി കണക്കാക്കി അവർക്ക്

പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു . സർക്കാർ, എയ്ഡഡ്, സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ കോഴ്സുകളിൽ മുഴുവൻ ഫീസും പ്രതിമാസ സ്റ്റൈപ്പൻറ്, ലംപ്സം ഗ്രാൻറ്, ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നതിന് ഹോസ്റ്റൽ ഫീസ് എന്നിവയും പോസ്റ്റ്മെട്രിക് തലത്തിൽ അനുവദിക്കുന്നു.

5. <u>എംപ്ലോയബിലിറ്റി എൻഹാൻസ്മെൻറ് പ്രോഗ്രാം</u>

വിദ്യാസമ്പന്നരായ പിന്നാക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക്പ്രചോദനം നൽകുകയും അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള മികച്ച ഉദ്യോഗം കരസ്ഥമാക്കുന്നതിനായി മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ്, ബാങ്കിങ് സർവ്വീസ്, സിവിൽ സർവ്വീസ് തുടങ്ങിയ വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി എൻഹാൻസ്മെൻറ് പ്രോഗ്രാം. 2017-18 മുതൽ UGC/NET/GATE/MAT പരീക്ഷാ പരിശീലന ധനസഹായം, പ്രൊഫഷണൽ ബിരുദധാരികൾക്ക് Startup-കൾ ആരംഭിക്കുന്നതിനുള്ള വായ്പാധിഷ്ഠിത ഗ്രാൻറ് എന്നിവ ഈ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.

6. <u>ഓവർസീസ് സ്കോളർഷിപ്പ്</u>

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തിവരുന്ന വിദ്യാർത്ഥികൾക്ക് വിദേശസർവ്വകലാശാലകളിൽ മെഡിക്കൽ / എഞ്ചിനീയറിങ് / പ്യുവർ സയൻസ് / അഗ്രികൾച്ചർ / മാനേജ്മെൻറ് / സോഷ്യൽ സയൻസ്, നിയമം കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി നടപ്പാക്കുന്ന പദ്ധതിയാണ് ഓവർസീസ് സ്കോളർഷിപ്പ്.

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം III

1. വായ്പാ പദ്ധതികൾ

**മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി<br>**(3,00,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 15 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ 10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിനുമുകളിൽ - 8% |
| 2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ)<br>**(3,00,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 1 ലക്ഷം രൂപ | 5% |
| 3. വിദ്യാഭ്യാസ വായ്പാ പദ്ധതി<br>**(3,00,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപ (പ്രതിവർഷം 3 ലക്ഷ രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 4%<br>പെൺകുട്ടികൾക്ക് - 3.5% |
| 4. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>**(3,00,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | CDS-കൾക്ക് പരമാവധി 1 കോടി രൂപ<br>NGO-യ്ക്ക് പരിധി ഇല്ല. | NGO/CDS-3.50%, SHGക്ക്-5% |
| 5. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ)<br>**(3,00,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | CDS-കൾക്ക് പരമാവധി 1 കോടി രൂപ | CDS-2.50%, SHGക്ക്-4% |
| 6. റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| | പ്രത്യേക ആനുകൂല്യം<br>പദ്ധതി അടങ്കലിന്റെ 15 % വരെ മൂലധന സബ്സിഡി<br>വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |

**മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) NMDFC പദ്ധതികൾ**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1<br>**(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 20 ലക്ഷം രൂപ | 6% |
| 2. സ്വയം തൊഴിൽ പദ്ധതി - 2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| 3. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>**(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | CDS/NGO-50 ലക്ഷം രൂപ | NGO/CDS-3.50%,<br>SHG-5% |
| 4. വിദ്യാഭ്യാസ വായ്പാ പദ്ധതി-1<br>**ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്** | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപ (പ്രതിവർഷം 3 ലക്ഷ രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ) | 3% |
| 5. വിദ്യാഭ്യാസ വായ്പാ പദ്ധതി-2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ)<br>വിദേശത്ത് പഠി ക്കുന്നതിന് 30 ലക്ഷം രൂപ (പ്രതി വർഷം 6 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 8%<br>പെൺകുട്ടികൾക്ക് - 5% |
| 6. റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ | NMDFC സ്വയം തൊഴിൽ പദ്ധതി - 1, 2 എന്നിവയ്ക്ക് സമാനം |
| | <u>പ്രത്യേക ആനുകൂല്യം</u><br>പദ്ധതി അടങ്കലിന്റെ 15 % വരെ മൂലധന സബ്സിഡി<br>വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |

**KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ (ഒ.ബി.സി.-മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്).**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി<br>**(3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 6% |
| 2. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്)<br>**(3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 9% |
| 3. പ്രവർത്തന മൂലധന വായ്പ<br>**(3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 8% |
| 4. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ<br>**(3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 5 ലക്ഷം രൂപ | 9% |
| 5. വിദ്യാശ്രീ വായ്പ<br>**(3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 6% |
| 6. വാഹന വായ്പ<br>**(8,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 6 ലക്ഷം രൂപ | 9% |
| 7. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥഗൃഹ)<br>**(8,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 5 ലക്ഷം രൂപ | 10% |
| 8. വ്യക്തിഗത വായ്പ<br>**(8,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 5 ലക്ഷം രൂപ | 11% |
| 9. എന്റെ വീട് (ഭവന നിർമ്മാണ വായ്പ പദ്ധതി) - 1<br>**(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 5 ലക്ഷം രൂപ | 7.50 % |
| **10** എന്റെ വീട് (ഭവന നിർമ്മാണ വായ്പ പദ്ധതി) - 2<br>**(3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 10 ലക്ഷം രൂപ | 8.00 % |

സെക്ഷൻ ഓഫീസർ